**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**

ഇ-മെയിൽ: **dhskerala@gmail.com** വെബ്സൈറ്റ്:

**www.dhs.kerala.gov.in**

---

നം: ഇ.എസ്6/**29460/2024** തീയതി: **28-12-2024**

## സർക്കുലർ

വിഷയം:- ആ.വ.ഡ–സർക്കാർ നഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് പരിശീലന കേന്ദ്രങ്ങളിലും നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് തസ്തിക മാറ്റം മുഖേനയുള്ള നിയമനത്തിന് യോഗ്യരായ സീനിയർ നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് ഓഫീസർ ഗ്രേഡ് **1 (31/12/2022** ലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം **2000** വരെ റാങ്ക് വഹിക്കുന്നവർ) ജീവനക്കാരുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. **G.O.(P) No.118/2010/H&FWD Dated, 18/03/2010**
2. **G. O. (P) No. 78/2023/H&FWD. Dt.19.10.2023**

സർക്കാർ നഴ്സിംഗ് സ്കൂളുകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്

പരിശീലന കേന്ദ്രങ്ങളിലും നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് തസ്തികമാറ്റം മുഖേന (ബൈട്രാൻസ്ഫർ) നിയമനം നടത്തുന്നതിന് യോഗ്യരായ സീനിയർ നഴ്സിംഗ് ഓഫീസർ, നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 (31/12/2022 ലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം 2000 വരെ റാങ്ക് വഹിക്കുന്നവർ) തസ്തികയിലുള്ള ജീവനക്കാരുടെ മുൻഗണനാപട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

2. സൂചന (2) വിശേഷാൽ ചട്ടഭേദഗതി പ്രകാരം നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ നിയമനത്തിനുള്ള യോഗ്യതയായി "**M.Sc. Nursing or B.Sc. Nursing (Basic or Post Basic) from a recognized university after undergoing regular course of study**" എന്ന് നിശ്ചയിച്ചിട്ടുള്ളതാകുന്നു. ആയതിനാൽ റെഗുലർ കോഴ്സ് വഴി നിശ്ചിത യോഗ്യത നേടിയിട്ടുള്ള മേൽ വിഭാഗം ജീവനകാർക്ക് അപേക്ഷിക്കാവുന്നതാണ്. നിലവിലുള്ള ലിസ്റ്റിൽ ഉൾപ്പെട്ട് നിയമനം ലഭിക്കാത്ത ജീവനക്കാർ മതിയായ യോഗ്യത ഉള്ള പക്ഷം പുതിയ അപേക്ഷ സമർപ്പിച്ച് ഇപ്പോൾ തയ്യാറാക്കുന്ന മുൻഗണനാ പട്ടികയിൽ സ്ഥാനം ഉറപ്പു വരുത്തേണ്ടതാണ്.

3. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരും ഈ സർക്കുലറും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയും അവരവരുടെ കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും അയച്ചു കൊടുക്കേണ്ടതാണ്. പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ പേരുൾപ്പെടേണ്ടവർ അപേക്ഷയും പൂരിപ്പിച്ച പ്രൊഫോർമയും അനുബന്ധരേഖകളും സർട്ടിഫിക്കറ്റുകളുടെ പകർപ്പ് (സെൽഫ് അറ്റസ്റ്റ് ചെയ്തത്) സഹിതം സ്ഥാപനമേധാവികൾക്ക് **05/01/2025**-ന് മുൻപായി സമർപ്പിക്കേണ്ടതും സ്ഥാപനമേധാവികൾ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതും സേവന പുസ്തകവുമായി ഒത്തുനോക്കി അപേക്ഷകളുടെ കൃത്യത ഉറപ്പു വരുത്തി **09/01/2025**-ന് മുൻപായി ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസ് തലത്തിൽ അവയുടെ കൃത്യത പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം **15/01/2025**-ന് മുൻപായി പ്രത്യേക ദൂതൻ മുഖേന ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്. അപേക്ഷകർ റെഗുലർ കോഴ്സ്

മുഖേനയാണ് പ്രസ്തുത യോഗ്യത നേടിയത് എന്നുള്ളത് സംബന്ധിച്ച സ്വന്തം സാക്ഷ്യപത്രം സ്ഥാപന മേധാവിയുടെ മേലൊപ്പോടുകൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. നിർദ്ദിഷ്ട തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

Signed by
M . Abul Kalam
Date: 28-12-2024 15:07:08

സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ
ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം.

ഉള്ളടക്കം:

1. പ്രൊഫോർമ

പകർപ്പ്:

1. എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖാന്തിരം)
2. ഫയൽ/സ്റ്റോക്ക് ഫയൽ

**PROFORMA**

1. Name (In Capital) :
2. PEN :
3. Designation :
4. Date of Birth :
5. Present Station now working with District :
6. PSC Advice No. &Date :
   (copy of advice should be attached)
7. Appointment Order No.& Date and
   date of joining in entry cadre :
   (copy of order should be attached)
8. Details of Declaration of Probation
   in entry cadre :
   (copy of order should be attached)
9. Promotion order No.& Date (present post) :
   (copy of order should be attached)
10. Rank No. in seniority list of present post :
11. Qualification (General and Technical)
    (self attested copy of certificate should be attached) :
12. Details of LWA (LWA under Appx XII.A, XII B and
    XII.C of Part I KSR) if any :-
    a) Period of LWA and whether it is taken
       before declaration of probation :
    b) Sanction Order No. and Date :
    c) Date of re joining after LWA :
13. Whether Inter District Transfer availed :
    a) Details of IDT :
14. Other relevant information :
15. Mobile No. :

Date: Signature of the incumbent

Name

Certified that the service particulars furnished above are verified with respective service register and relevant records and found correct.

Dated Signature of Head of Institution

Counter Signature of DMO (H)

Signed by
M . Abul Kalam
Date: 28-12-2024 15:24:01